[vinuxavier]™

തറയാവരുതേ എന്ന പ്രാർത്ഥനയോടെ..! http://vinuxavier.wordpress.com/

# ഒരു പ്രണയതിന്റെ ഓർമ്മയ്ക്കായ്

എനിക്ക് എന്നെത്തന്നെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതായി തോന്നിത്തുടങ്ങിയിരിക്കുന്നു!

ബാംഗളൂർ നഗരം.. തിരക്കുകളുടെയും ഉത്തരവാദിത്വങ്ങളുടെയും ഇടയിലകപ്പെട്ടു പരക്കംപായുമ്പോൾ സ്വന്തവ്യക്തിതം നഷ്ടപ്പെടുന്നത് തിരിച്ചറിയാൻ കഴിയാതെപോയ ഒരുകൂട്ടം യന്ത്രമനുഷ്യരിൽ ഒരാളായി ഞാനിന്നു മാറിക്കഴിഞ്ഞിരിക്കുന്നു!
തിരിഞ്ഞുനോക്കുകയാണെങ്കിൽ നേടിയതിനേക്കാളേറെ നഷ്ടപ്പെടലുകൾ! ഒരു വലിയ സുഹൃദ്‌വലയത്തിന്റെ ഇടയിൽനിന്നു ഞാനെത്തിച്ചേർന്നത് ഒററപ്പെടലിനു നടുവിലേയ്ക്കാണ്.. പുതിയ കമ്പനിയിൽ ഒരു വർഷമായി ജോലി ചെയ്യുന്നു.. ഇന്നും എന്റെ അപ്പുറത്തെ ക്യൂബിക്കിളിൽ ഇരിക്കുന്നവർക്ക് എന്റെ പേരറിയുമോ എന്നുപോലും എനിക്ക് ഉറപ്പില്ല..! എന്റെ മെയിൽ ഇൻബൊക്സിൽ ഇന്നു എന്റെ സുഹൃത്തുക്കളില്ല..അവരുടെ ചിരികൾ ഇല്ല..! അതല്ല സത്യം..അവരുടെ ചിരികളിൽ ഇന്ന് ഞാൻ ഇല്ല..!

ഇടവകപ്പള്ളിയിലെ അമ്പുപെരുന്നാളും കുരിശ്ശിങ്കൽ ഉണ്ണീശോപ്പള്ളിയിലെ എട്ടാംപെരുന്നാളും എനിക്ക് നഷ്ടമായിരിക്കുന്നു, ഓർമ്മവെച്ചതിനു ശേഷം ആദ്യമായിട്ട്.. ആശ്വാസമാകുന്നത് വീട്ടിലേക്കുള്ള യാത്രകളാണ്.. അമ്മച്ചിയുണ്ടാക്കിയ ചോറും മീൻകറിയുമൊക്കെ കൂട്ടി,ദിവസവും വീട്ടിൽനിന്നു പോയിവരാവുന്ന ഒരു ജോലി ഇന്നു എന്റെ ഏററവും വലിയ ആഗ്രഹമായി മാറിയിരിക്കുന്നു.. എന്റെ അപ്പച്ചൻ എങ്ങനെ ജീവിച്ചോ അതെല്ലാം എനിക്കും വേണം..!

‘അന്ത ഡോർ പക്കത്ത് നിന്ന് കൊഞ്ചം തള്ളി നില്ലുങ്കോ ..”

തിരിഞ്ഞു നോക്കിയപ്പോ ട്രെയിനിലെ ടീ.ട്ടി.ആർ ആണ്..ഞാൻ ഡോറിന്റെ സൈഡിൽ നിന്ന് അകത്തേക്ക് മാറിനിന്നു,പുള്ളി ഡോർ അടച്ചു കുററിയിട്ടിട്ടു എന്നെ തമിഴിൽ തെറിയും പറഞ്ഞുകൊണ്ട് നടന്നു പോയി! സീററിൽ ഒററയ്ക്കിരുന്നു ബോറടിച്ചപ്പോ എഴുന്നേററു വന്നു നിന്നതാണ്.. എന്തൊക്കെയോ ഓർമ്മകളുമായി ഔട്ട് ഓഫ് മൈൻഡ് ആയി അങ്ങ്

നിന്നുപോയി.. പുള്ളി വന്നു വിളിച്ചത് നന്നായെന്നു എനിക്ക് തോന്നി.!

ഞാൻ തിരിച്ചു സീററിലേക്ക് നടന്നു.. ടിക്കൊറ്റ് ബുക്ക് ചെയ്യുമ്പോ ഞാൻ സൈഡ് സീററ് നോക്കി ബുക്ക് ചെയ്യാൻ തുടങ്ങിയിരിക്കുന്നു! എവിടെയും ഞാൻ ഏകാന്തത ആഗ്രഹിക്കുന്നത് പോലെ.. ഇപ്പൊ ട്രെയിനിലും എനിക്ക് ആകെ ഉള്ള കൂട്ട് കൊറേ ഇംഗ്ലീഷ് നോവലുകളാണ്.. പണ്ട് എറണാകുളം തിരുവനന്തപുരം റൂട്ടിൽ കൂട്ടുകാരുമൊത്തുള്ള ജനശധാബ്ദി യാത്രകളിൽ ഒപ്പം എന്നും ഒരു കടുകട്ടി ഇംഗ്ലീഷ് നോവൽ കൊണ്ടുപോകുമായിരുന്നു. ചുമ്മാ അത് നെഞ്ചത്ത് മലർത്തി വെച്ച് കെടന്നു ഒറങ്ങും! അതുവഴി പോകുന്ന പെൺകുട്ടികൾ പരസ്പരം "ഡെടീ..ഒരു അപാര ടീം.. ഇംഗ്ലീഷ് നോവൽ ഒക്കെ വായിച്ചു കെടന്നു ഒറങ്ങുന്നു" എന്ന് പറയുന്നത് എനിക്ക് കേൾക്കാമായിരുന്നു.. ഇന്ന് ഞാൻ ആ ബുക്കുകളെ സ്നേഹിച്ചു തുടങ്ങിയിരിക്കുന്നു..

ഞാനിരിക്കുന്നതിന്‍റെ തൊട്ടു മുന്നിലത്തെ കാബിനിൽ എത്തിയപ്പോ ഒരു പരിചിതമുഖം എന്‍റെ കണ്ണുകളിൽ ഉടക്കി!വിൻഡോ സൈഡിൽ ഉള്ള ഒരു സീററിൽ ഇരുന്ന ഒരു പെൺകുട്ടി..അവൾ പുറത്തെ കാഴ്ചകൾ നോക്കിയിരിക്കുന്നതിനാൽ എനിക്ക് മുഖം വ്യക്തമായി അത്രയ്ക്ക് ഉറപ്പിക്കാൻ പററുന്നുണ്ടായിരുന്നില്ല.. എങ്കിലും എനിക്ക് അവളെ തിരിച്ചറിയാൻ കഴിഞ്ഞു..

"നീതു.."

ആ പെൺകുട്ടി തിരിഞ്ഞു നോക്കി.. എനിക്ക് വിശ്വാസമാകതിരുന്നത് കൊണ്ട് ഞാൻ ഒരിക്കൽക്കൂടി ചോദിച്ചു..

"നീതുവല്ലേ?..നിനക്ക് എന്നെ മനസ്സിലായോ.?"

"വിനു..എന്താ അങ്ങനെ പറയണേ..എനിക്ക് മനസ്സിലായി...നീതു തന്നെയാ.." അവൾ ചിരിച്ചു..ആ ചിരി എനിക്കറിയാമായിരുന്നു..

"ഉയ്യോ! എവിടെയായിരുന്നു നീ? എട്ടുവർഷം കഴിഞ്ഞിരിക്കുന്നു..നമ്മൾ അവസാനമായി കണ്ടിട്ട്.."

“വിനു ബാംഗ്ലൂർ ഉള്ള കാര്യം എനിക്കറിയാൻ പാടില്ലായിരുന്നു..എവിടെയാ ബാംഗ്ലൂരിൽ? വർക്ക് ചെയ്യുവല്ലേ?

ഞാൻ ബീട്ടിയെമ്മിൽ ആണ് താമസം..വർക്കിംഗ് ഇൻ ഐബിഎം..വിനു ഇച്ചിരി തടിച്ചു ബൊണ്ണൻ ആയിരിക്കുന്നു..

പെട്ടെന്ന് കണ്ടപ്പോ തിരിച്ചറിയാൻ പററിയില്ല....”

അവൾ ഒററശ്വാസത്തിൽ ഒരുപാട് കാര്യങ്ങൾ പറയുകയും ചോദിക്കുകയും ചെയ്തുകൊണ്ടിരുന്നു..

2001, എന്റെ പ്ലസ് ടു കാലം.. തിങ്കൾ മുതൽ വെള്ളിവരെ കലൂർ ടെക്ക്നിക്കൽ ഹയർ-സെക്കണ്ടരിയിലെ പഠിപ്പിസ്റ്റുകളുടെ നടുവിൽ പൊട്ടനെപ്പോലെ ഇരുന്നതിനുശേഷം ശനിയും ഞായറും എന്ട്രന്സ്എക്സാം എന്നാ കടമ്പ കടക്കാനായി,കോച്ചിംഗ് എന്നാ വ്യാജേന വീട്ടിൽനിന്നിറങ്ങി എറണാകുളം മൊത്തം തെണ്ടിതിരിഞ്ഞു നടന്നകാലം!പുതിയ പടം ഒന്നും റിലീസില്ലെങ്കിൽ ഇടക്കൊക്കെ ചെന്ന് ക്ലാസ്സിലിരിക്കും.. ഇവളെ ഞാൻ ആദ്യമായിട്ട് കാണുന്നത് അവിടെവെച്ചാണ്..നീതു മരിയ ജോർജ്! രാവിലെ അവൾ ട്രെയിൻ കയറിയാണ് വന്നിരുന്നത്..ഹരിപ്പാട് എങ്ങാണ്ടോ ആണ് അവളുടെ വീട്..

എനിക്ക് ഇഷ്ടമായിരുന്നു അവളെ..എന്നുവെച്ച് ഒരു അതൊരു പ്രണയമോ ഇൻഫാക്ച്ചുവേഷനോ ആയിരുന്നില്ല..മറിച്ച്, ഭംഗിയുള്ള ഒന്നിനോട് നമ്മൾക്ക് തോന്നുന്ന ഒരു ഇഷ്ടം! ..നല്ല രസം ആണ് അവളെ കണ്ടുകൊണ്ടിരിക്കാൻ..ഉറക്കദായകമായ ക്ലാസുകളിൽ ഞാൻ ചെലപ്പോഴൊക്കെ അവളെ നോക്കി അവളുടെ മുഖം എന്റെ നോട്ടുബുക്കിൽ വരച്ചു വെക്കുമായിരിന്നു.. ഒരിക്കൽ അവൾ,ഞാൻ അവളെ നോക്കി വരക്കുന്നത് കണ്ടിട്ടാണോ അതോ പെൺകുട്ടികൾക്ക് ഉച്ചയ്ക്ക് ആൺപിള്ളേരുടെ നോട്ടുബുക്ക് പരിശോധിക്കുന്ന ശീലം വല്ലതുമുണ്ടായിട്ടാണോ എന്നറിയില്ല,അവൾ എന്റെ അടുത്ത് വന്നു ഇങ്ങനെ ചോദിച്ചു..

“വിനു പടം വരയ്ക്കുമല്ലേ.?എന്റെ പടം വരച്ചുവെച്ചിട്ടുണ്ടല്ലോ നോട്ടുബുക്കിൽ, നന്നായിട്ടുണ്ട് ട്ടോ..”

ഞാൻ എന്ത് പറയണമെന്നറിയാതെ നിന്ന് ഉരുകുകയായിരുന്നു.,അന്നൊക്കെ പെൺകുട്ടികളോട് സംസാരിക്കുമ്പോ മുട്ടുകാലിൽ ഒരു വിറയലും തൊണ്ടയിൽ ഒരു കിച് കിച്ചും എല്ലാം കൂടി കേറി വരും!

“എയ്യ്,ഞാൻ ചുമ്മാ സമയം പോകാൻ വേണ്ടി...ഞാൻ ഇന്നുതന്നെ കീറിക്കളഞ്ഞോളാം..” ഞാൻ നിന്ന് വെയർക്കുകയാണ്..

“അയ്യോ,വേണ്ടാ.. ആരേം കാണിച്ചോണ്ട് നടക്കാതിരുന്നാ മതി..” അവൾ ചിരിച്ചുകൊണ്ട് പറഞ്ഞു..

“ഇല്ല.. പ്രോമിസ്...”

അന്ന് ഞങ്ങൾ ആദ്യമായി സംസാരിച്ചു...പിന്നെപിന്നെ ഞാൻ കറക്കം നിർത്തി സ്ഥിരം ക്ലാസിൽ വന്നു തുടങ്ങി! അവൾ എന്റെ ഒരു നല്ല കൂട്ടുകാരിയായി മാറി.. എറണാകുളം നോർത്തിൽ ഉള്ള എന്ട്രൻസ് കോച്ചിംഗ് സെന്ററിൽ നിന്ന് സൌത്ത് റയിൽവെ സ്റ്റേഷൻ വരെ ഞങ്ങൾ നടക്കുമായിരുന്നു.. അവൾക്ക് എപ്പോഴും ഒരുപാട് വിശേഷങ്ങൾ പറയാൻ ഉണ്ടാകും.. ഞാൻ എല്ലാം ഇങ്ങനെ കേട്ടുകൊണ്ടിരിക്കും..മൂന്നു-മൂന്നര കിലോമീറ്റർ ഉണ്ട്, അത്രയും ദൂരം പെട്ടെന്ന് തീരുന്നത് പോലെ ഫീൽ ചെയ്യും.. അങ്ങനെ ഒരുപാട് നല്ല ദിവസങ്ങൾ.. ഞാൻ ഇന്നും ഓർക്കാൻ കൊതിക്കുന്ന കൊറേ നല്ല നിമിഷങ്ങൾ.. എനിക്ക് അത്രയും ഇഷ്ടപെട്ട ദിവസങ്ങൾ വേറെ ഉണ്ടെന്നു എനിക്ക് തോന്നുന്നില്ല..അവൾക്ക് എങ്ങനെയാണാവോ..എനിക്കറിഞ്ഞുകൂടാ..!

എന്ട്രൻസ് ക്ലാസുകൾ അവസാനിക്കാറായിരുന്നു.. നീതു ഇന്ന് എന്റെ സ്വന്തമെന്നു ഞാൻ കരുതാൻ തുടങ്ങിയിരിക്കുന്നു.. ഒരു അവളെ എനിക്ക് നഷ്ടപ്പെടുമോ എന്ന് എനിക്ക് ഫീൽ ചെയ്യാൻ തുടങ്ങിയിരിക്കുന്നു! റെയിൽവെ സ്റ്റേഷനിലെക്കുള്ള യാത്രകളിൽ ഇടയ്ക്കിടയ്ക്ക് മൌനം കടന്നു വന്നുകൊണ്ടേയിരുന്നു... അവൾക്ക് പഴയ ചിരി ഇല്ല എന്ന് എനിക്ക് തോന്നി.. എനിക്ക് ചോദിക്കാൻ തോന്നിയില്ല.. എന്റെ ഇഷ്ടം എന്താണെന്ന് അവളും എന്നോട് ചോദിച്ചില്ല.. ഒന്നും വേണ്ട എന്ന് ഞാൻ മനസ്സിൽ ഉറപ്പിച്ചു!

പരീക്ഷയ്ക്ക് അവൾക്കും എനിക്കും എറണാകുളത് സെയിം സ്കൂളിൽ തന്നെയായിരുന്നു എക്സാം സെന്റർ.. സൌത്ത് റെയിൽവെ സ്റ്റേഷന് അടുത്തുള്ള ഗവന്മേന്റ്:ഗേൾസിൽ.. അന്ന് അവളുടെ ഒപ്പം അവളുടെ പപ്പയും വന്നിരുന്നു.. എക്സാമിന് കയറുന്നതിനു മുന്നേ അവൾ എനിക്ക് അവളുടെ പപ്പയെ പരിചയപ്പെടുത്തി തന്നു.. ഞങ്ങൾ എക്സാമിനു കയറി...കഷ്ടപ്പെട്ട് കറക്കിക്കുത്തി കണ്ടുപിടിച്ച ഓരോ ആന്സേഴ്സും നല്ല കറക്റ്റ് റൌണ്ട്

ഷേപ്പിൽ പെൻസിൽ വെച്ച് കറുപ്പിച്ചതിനു ശേഷവും എനിക്ക് ഒരു മണിക്കൂർ ബാക്കി ഉണ്ടായിരുന്നു! തീരാൻ അര മണിക്കൂര് കൂടി ഉള്ളപ്പോ ഞാൻ ഇറങ്ങി.. കൂടെ കൊറേ അലവലാധികളും.. വെറും ഒരുമണിക്കൂർ കൊണ്ട് പരീക്ഷ തീർത്തു വരുന്ന ചുണക്കുട്ടന്മാരെ കണ്ടിട്ട് പരീക്ഷയെഴുതാൻ വന്ന പെൺകുട്ടികളുടെ മാതാപിതാക്കൾ “വൌ! കട്ട കരിമ്പുലികൾ!!.ഇതിൽ ഒരുത്തൻ ആയിരിക്കണം നമ്മടെ മരുമോൻ” എന്ന് പരസ്പരം പറയുന്നത് ഞാൻ കേട്ടു..

ഞാൻ നീതു എക്സാം കഴിഞ്ഞു ഇറങ്ങുന്നത് വരെ അവിടെ നോക്കി നിന്നു! നീതുവിന്റെ പപ്പാ ആ പരിസരത്തോക്കെ കറങ്ങിയടിച്ചു നടക്കുന്നത് കൊണ്ട് പുള്ളിയുടെ കണ്ണിൽ പെടാതെ ഞാൻ നടന്നു..അരമണിക്കൂർ കൂടി കഴിഞ്ഞപ്പോ എക്സാം കഴിഞ്ഞു നീതു ഇറങ്ങി..അവൾ നേരെ പപ്പയുടെ അടുത്തേക്ക് ഓടി.. ഞാൻ അങ്ങോട്ടേക്ക് പോയില്ല.. പരീക്ഷയേക്കുറിച്ചാണോ എന്തോ,കൊറേ എന്തൊക്കെയോ ഡിസ്കസ് ചെയ്തുകൊണ്ട് അവർ സ്കൂൾ കമ്പൌണ്ടിനു പുറത്തേക്ക് നടന്നു.. അവൾ എന്നെ അന്വേഷിക്കുന്നതായിട്ടു പോലും എനിക്ക് തോന്നിയില്ല.. ഒരുപക്ഷെ പപ്പാ കൂടെയുള്ളത് കൊണ്ടാകും..സൌത്ത് സ്റ്റേഷൻ വളരെ അടുത്താണ്..അവർ അങ്ങോട്ടാണ് നടക്കുന്നത്.. ഞാനും അവരുടെ പുറകെ നടന്നു.. അങ്ങോട്ട് ഓടിച്ചെന്നു അവളെ കണ്ടാലോ എന്ന് ഇടയ്ക്ക് തോന്നി.. ചെയ്തില്ല..

അവളുടെ മനസ്സിൽനിന്നു ഞാൻ ഒരുപാട് അകലെ ആയതു പോലെ .. അവർ ട്രെയിനിന്റെ അകത്തുകയറി ..ഞാൻ അവിടെത്തന്നെ നിന്നു! എന്നെ തിരയുന്ന അവളുടെ മുഖം ഞാൻ ആ ബോഗിയുടെ ഏതെങ്കിലും വിൻഡോയിൽ പ്രതീക്ഷിച്ചുകൊണ്ടിരുന്നു..ട്രെയിൻ വിട്ടു... ഞാൻ തിരിഞ്ഞു നടന്നു.. അവളെ എനിക്ക് നഷ്ടപ്പെട്ടിരിക്കുന്നു.. ഇനിയെന്ന് കാണുമെന്നു അറിയില്ല.. ഞാൻ ചോദിക്കാൻ വിട്ടുപോയിരിക്കുന്നു.. എനിക്ക് ഒന്നൂടെ തിരിഞ്ഞു നോക്കാൻ തോന്നി.. ഞാൻ കണ്ടു.. അന്ന്..അവൾ ആ ബോഗിയുടെ ഡോറിൽ വന്നു നിന്നു എന്നെ നോക്കി നിൽക്കുന്നു.. അവളുടെ അതെ ചിരി.. ഞാൻ അവളെ കണ്ടു കൈവീശിക്കാണിച്ചു..അവൾ ചിരിച്ചുകൊണ്ട് തന്നെ നിന്നു..എനിക്ക് ആ ചിരി കാണാമായിരുന്നു.. അവൾ എന്റെ കണ്ണിൽ നിന്നു മറയുന്നത് വരെ..

“കൂ..ഹലോ..എന്താലോചിച്ചു നിക്കുവാ...?” നീതു എന്റെ കയ്യിൽ തട്ടി..

“എയ്യ്..ഒന്നുല്ല.. നമ്മൾ അന്ന് അവസാനം കണ്ട ദിവസം ആലോചിക്കുവായിരുന്നു.. നീതു ഓർക്കുന്നുണ്ടോ വല്ലതും..?”

“എട്ടുകൊല്ലംമുന്നെ ഉള്ള കാര്യോ?എനിക്കൊന്നും ഓർമയില്ല.. ” അവൾക്ക് കള്ളം പറഞ്ഞതാണെന്ന് എനിക്ക് തോന്നിയില്ല..

“ഉം..നാളെ എവിടെയാ ഇറങ്ങുന്നെ നീയ്?ആലപ്പുഴയിലാണോ?..”

“അതെ.. വിനുവിന് എറണാകുളത് ഇറങ്ങാൻ ഉള്ളതല്ലേ? അപ്പൊ വെളുപ്പിനെ എണീക്കാൻ ഉള്ളതാ.. വിനു കെടന്നോ.. ഞാൻ പോവാ.. ഞാനും കെടക്കട്ടെ!ഒമ്പതരയായി..സീററിന്റെ അവിടെ എല്ലാരും ലൈററ് ഓഫാക്കി കെടന്നു എന്ന് തോന്നുന്നു..അപ്പൊ ശെരി!ഗുഡ് നൈററ്..” അവൾ പോകാൻ ഒരുങ്ങി..

“ഇനി എന്ന് കാണും?..” ഞാൻ ചോദിച്ചു..

“കാണാം.... കാണാൻ പററുമായിരിക്കും..” അവൾ അവളുടെ സീററിലേക്ക് നടന്നു! ഞാൻ ബാഗിൽ തലവെച്ചു കെടന്നു.. പകൽ ഉള്ള അലച്ചിലിന്റെ ക്ഷീണം കാരണം പെട്ടെന്ന് തന്നെ ഉറങ്ങിപോയി..

*******************************************************

“ഏയ്..വിനു..വിനു.. എണീയ്ക്ക് .. എറണാകുളം എത്താറായി..നോർത്ത് ക്രോസ് ചെയ്തു കഴിഞ്ഞു.. വേഗം എണീയ്ക്ക്..” നീതുവിന്റെ ശബ്ദം..അവളുടെ കൈയുടെ തണുപ്പ് എന്റെ കവിളിൽ തട്ടി...

ഞാൻ അലാറം വെച്ചിരുന്ന മൊബൈൽ എടുത്തു നോക്കി. ചാർജ് തീർന്നു സ്വിച്ച്ഡ് ഓഫ്.. ആസ് യൂഷ്വൽ..

“ആ, ഇങ്ങനെ കെടന്നു ഒറങ്ങിയിരുന്നെങ്കിൽ തിരുവനതപുരത്ത് ചെന്ന് ഇറങ്ങേണ്ടി വന്നേനെ.. “

ഞാൻ ഓടിപ്പിടിച്ചെഴുന്നേററു ബാഗും ഷൂവും തപ്പി എടുത്തപ്പോഴേക്കും വണ്ടി എറണാകുളം സൌത്തിൽ എത്തിക്കഴിഞ്ഞിരുന്നു..

“നീതു താങ്ക്സ്, ഞാൻ ഇറങ്ങുവാ.. കാണാം..ബൈ..” ഒരു ഷൂ കാലിലും ഒരെണ്ണം കയ്യിലും പിടിച്ചുകൊണ്ടു ഞാൻ പുറത്തേക്കു ഓടി..പുറത്തിറങ്ങിയപ്പോഴേക്കും ട്രെയിൻ വിട്ടു..

ഒരു നിമിഷം ഞാൻ ആലോചിച്ചു...

അവൾ എന്തിനായിരിക്കാം എറണാകുളം എത്തുന്നതിനു മുന്നേ ഈ മൂന്നര വെളുപ്പിന് എണീച്ചിരുന്നത്? അവൾക്ക് എറങ്ങാനുള്ളത് ആലപ്പുഴയ്ക്കല്ലേ? ഞാൻ പോകുന്നതിനു മുന്നേ അവൾക്ക് എന്നോട് എന്തെങ്കിലും പറയാൻ ഉണ്ടായിരുന്നോ? എട്ടു വര്ഷം മുന്നേ അന്ന് അവസാനമായി അവളെ പിരിഞ്ഞ നിമിഷം ആ ഡോറിൽ എന്നെ നോക്കിനിന്ന അവൾക്ക് എന്തോ പറയാൻ ഉണ്ടായിരുന്നില്ലേ? ഞാൻ അത് ഇന്നും കേൾക്കാൻ മറന്നുപോയിരിക്കുന്നു.. ഒരുപക്ഷെ ഇന്നും എന്നെ നോക്കി അവൾ ആ ഡോറിൽ നിന്നിട്ടുണ്ടാകുമോ.. ഞാൻ ഇന്നും തിരിഞ്ഞു നോക്കാൻ മറന്നിരിക്കുന്നു...

അവളെ ഞാൻ വീണ്ടും നഷ്ടപ്പെടുത്തിയിരിക്കുന്നു..
ട്രെയിൻ ഒരുപാട് ദൂരത്ത് എത്തിയിരുന്നു.. മൂടൽമഞ്ഞു എന്റെ കാഴ്ച്ചയെ മറച്ചു!